**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6795** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ ഫെയർവാല്യൂ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ നറുകര, മഞ്ചേരി, വില്ലേജുകളിൽ പലസ്ഥലങ്ങളിലും ഭൂമിയുടെ ഫെയർവാല്യൂ നൂറുമുതൽ മുതൽ ഇരുനൂറ് ശതമാനത്തിൽ അധികം വർദ്ധിപ്പിച്ചത് കുറയ്ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ നറുകര, മഞ്ചേരി, വില്ലേജുകളിൽ പലസ്ഥലങ്ങളിലും ഭൂമിയുടെ ഫെയർവാല്യൂ നൂറു മുതൽ ഇരുനൂറ് ശതമാനത്തിൽ അധികം വർദ്ധിപ്പിച്ചത് കുറയ്ക്കുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭ്യമായ കത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ട് ആരാഞ്ഞിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഭൂമിയുടെ ഫെയർവാല്യൂ ക്രമാതീതമായി വർദ്ധിപ്പിച്ചതുമൂലം മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന്റെ കീഴിൽ വസ്തു രജിസ്ട്രേഷനിൽ കുറവ് വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | 2018-2019 മുതൽ 2023-24 വരെ മഞ്ചേരി സബ് രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണങ്ങൾ താരതമ്യം ചെയ്തതിൽ നിന്നും മഞ്ചേരി, നറുകര വില്ലേജുകളിലെ ആധാരങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. ടി ഓഫീസുകളിൽ ടി കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങളുടെ എണ്ണം ചുവടെ പട്ടികയിൽ ചേർക്കുന്നു.<br><br>2018 ഏപ്രിൽ മുതൽ 2024 മാർച്ച് 31 വരെ മഞ്ചേരി സബ് രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്ത മൊത്തം ആധാരങ്ങളുടെ എണ്ണം.<br><br>**വർഷം** / **എണ്ണം**<br>2018-19 / 5797<br>2019-20 / 5149<br>2020-21 / 4715<br>2021-22 / 5719<br>2022-23 / 6516<br>2023-24 / 5345<br><br>2018 ഏപ്രിൽ മുതൽ 2024 മാർച്ച് 31 വരെ മഞ്ചേരി സബ് രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്ത മഞ്ചേരി, |

നറുകര വില്ലേജുകളിലെ മൊത്തം ആധാരങ്ങളുടെ എണ്ണം

| വർഷം | മഞ്ചേരി | നറുകര |
|---|---|---|
| 2018-2019 | 1049 | 1917 |
| 2019-20 | 1031 | 1525 |
| 2020-21 | 760 | 1411 |
| 2021-22 | 1012 | 1429 |
| 2022-23 | 1187 | 1907 |
| 2023-24 | 1043 | 1399 |

സെക്ഷൻ ഓഫീസർ